entri

# Current affairs 01 Apr 2026

- **ഡെന്റൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും, ഡെന്റൽചികിത്സാ രംഗത്തെ നിയന്ത്രണങ്ങൾ സുതാര്യമാക്കാനും കേന്ദ്രസർക്കാർ രൂപീകരിച്ച പുതിയ പരമോന്നത സമിതി**

  ദേശീയ ഡെന്റൽ കമ്മീഷൻ (National Dental Commission - NDC)
  - 2023-ലെ നാഷണൽ ഡെന്റൽ കമ്മീഷൻ ആക്ട് പ്രകാരം, പഴയ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയെ (DCI) റദ്ദാക്കിക്കൊണ്ട് 2026 മാർച്ച് 19-നാണ് ദേശീയ ഡെന്റൽ കമ്മീഷൻ നിലവിൽ വന്നത്.
  - 2026 മാർച്ച് 19 മുതൽ ദേശീയ ഡെന്റൽ കമ്മീഷൻ നിയമം പ്രാബല്യത്തിൽ വന്നതോടെ, 1948 ലെ ഡെന്റിസ്റ്റ്സ് ആക്ട് റദ്ദാക്കപ്പെട്ടു.
  - പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബിരുദ, ബിരുദാനന്തര ഡെന്റൽ വിദ്യാഭ്യാസ ബോർഡ്, ഡെന്റൽ അസസ്മെന്റ് ആൻഡ് റേറ്റിങ് ബോർഡ്, എത്തിക്സ് ആൻഡ് ഡെന്റൽ റജിസ്ട്രേഷൻ ബോർഡ് എന്നിങ്ങനെ 3 സ്വയംഭരണ സംവിധാനങ്ങളും നിലവിൽവന്നു.
  - ദേശീയ ഡെന്റൽ കമ്മീഷന്റെ പ്രഥമ ചെയർപേഴ്സണായി നിയമിതനായത് - ഡോ. സഞ്ജയ് തിവാരി

- **ഡിജിറ്റൽ സുരക്ഷയെ കുറിച്ച്  സ്ത്രീകളെ അവബോധരാക്കാൻ ദേശീയ വനിതാ കമ്മീഷൻ അവതരിപ്പിച്ച ഇൻട്രാക്റ്റീവ് ഡിജിറ്റൽ ടൂൾ കിറ്റ്**

  ട്രൂ സൈബർ സഖി

- **ഏകീകൃത സിവിൽ കോഡ് ബിൽ പാസാക്കിയ രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനം**

  ഗുജറാത്ത്
  - ഏകീകൃത സിവിൽ കോഡ് ബിൽ പാസാക്കിയ ആദ്യ സംസ്ഥാനമാണ് ഉത്തരാഖണ്ഡ് (2024 ഫെബ്രുവരി).

- **'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ അദാനി ഡിഫൻസ് നിർമ്മിച്ച 7.62 എംഎം കാലിബർ ലൈറ്റ് മെഷീൻ ഗണ്ണുകൾ (LMG)**

  പ്രഹർ






ഡോ. സഞ്ജയ് തിവാരി






4.8 ★ Download the app now | Learn in Malayalam